എക്സിക്യൂട്ടീവ് എക്സ്പ്രസിൽ യാത്രക്കാരുടെ മേൽ പെട്രോൾ ചീറ്റി തീകൊളുത്താൻ ശ്രമിച്ച സംഭവം തിങ്കളാഴ്ച നാടിനെ അക്ഷരാർഥത്തിൽ നടുക്കി. ഭയപ്പാടിൽ ട്രെയിനിൽനിന്ന് എടുത്തുചാടിയ ഒരു കുട്ടിയടക്കം മൂന്നുപേരാണ് മരിച്ചത്. എല്ലാ വാതിലുകളും അടച്ച് അതിവേഗത്തിലും സൂക്ഷ്മതയിലുമായിരുന്നു പൊലീസ് നീക്കം. സിസിടിവിയിൽനിന്ന് ലഭിച്ച ദൃശ്യങ്ങൾ പരിശോധിച്ച് അതല്ല പ്രതിയെന്ന് സ്ഥിരീകരിച്ചു. പ്രതിയുടേതെന്ന് സംശയിക്കുന്ന ബാഗിൽനിന്ന് ലഭിച്ച വിവരങ്ങൾ അനുസരിച്ചുള്ള അന്വേഷണം തുടരുകയാണ്.

എലത്തൂരിലെ അപകടത്തിൽ മരണമടഞ്ഞവരുടെ ബന്ധുക്കളും നാട്ടുകാരും കോഴിക്കോട് മെഡിക്കൽ കോളേജ് മോർച്ചറിക്കു മുന്നിൽ

മിന്നൽ വേഗത്തിൽ പൊലീസ്

കോഴിക്കോട്

ആലപ്പുഴ– കണ്ണൂർ എക്സിക്യൂട്ടീവ് എക്സ്പ്രസിൽ യാത്രക്കാരെ പെട്രോൾ ഒഴിച്ച് തീവച്ച സംഭവത്തിൽ പ്രതിയെ പിടികൂടാൻ ഊർജിത അന്വേഷണവുമായി പൊലീസ് സേന. സംസ്ഥാന പൊലീസും റെയിൽവേ പൊലീസും ആർപിഎഫും സംഭവം നടന്ന ഉടൻ ഉണർന്ന് പ്രവർത്തിച്ചു. റെയിൽവേ ഇന്റലിജൻസ് വിഭാഗവും വിവരം ശേഖരിച്ചു.

സംഭവം നടന്ന എലത്തൂർ റെയിൽവേ സ്റ്റേഷൻ പരിസരത്ത് വിരലടയാള വിദഗ്ധരും പൊലീസ് ഫോറൻസിക് വിഭാഗവും ഡോഗ് സ്ക്വാഡും പരിശോധന നടത്തി. പൊലീസ് ഉത്തരമേഖലാ ഐജി നീരജ് കുമാർ ഗുപ്ത, ജില്ലാ പൊലീസ് മേധാവി രാജ്പാൽ മീണ, ടൗൺ അസി. കമീഷണർ പി ബിജുരാജ് തുടങ്ങിയവരുടെ നേതൃത്വത്തിൽ ഉന്നത പൊലീസ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തി. ഫോറൻസിക് സയിന്റിഫിക് ഓഫീസർ ബി എം മുഹമ്മദ് ഹിഫ്സുദ്ദീന്റെ നേതൃത്വത്തിൽ മരിച്ചവരുടെ രക്തസാമ്പിളുകൾ ശേഖരിച്ചു. ഇവ കണ്ണൂർ ഫോറൻസിക് ലബോറട്ടറിയിൽ പരിശോധനക്കയച്ചു.

പ്രതിയുടേതെന്ന് കരുതുന്ന ബാഗും മറ്റു വസ്തുക്കളും റെയിൽവേ പൊലീസ് കസ്റ്റഡിയിലെടുത്തു. ആർപിഎഫ് സിഐ സുധീർ മനോഹർ, എസ്ഐ അപർണ അനിൽകുമാർ, എലത്തൂർ സിഐ എ സായൂജ്കുമാർ എന്നിവരുടെ നേതൃത്വത്തിലുള്ള പൊലീസ് സംഘമാണ് പരിശോധനക്ക് നേതൃത്വം നൽകിയത്.

റെയിൽവേ ഡിവിഷൻ സെക്യൂരിറ്റി ഓഫീസർ അനിൽ കുമാർ എസ് നായർ, അഡീഷണൽ ഡിവിഷൻ റെയിൽവേ മാനേജർ സിടി സക്കീർ ഹുസൈൻ എന്നിവരുടെ നേതൃത്വത്തിൽ പാലക്കാട് നിന്നുള്ള റെയിൽവേ ഉന്നതതല സംഘവും സ്ഥലം സന്ദർശിച്ചു.

ആഘോഷയാത്രയിൽ ദുരന്തം

കണ്ണൂർ എൻജിനിയറിങ് കോളേജിലെ പൂർവവിദ്യാർഥികൾ അങ്കമാലിയിൽ ആലോചനായോഗം ചേർന്നപ്പോൾ

ജിജോ ജോർജ്

കോഴിക്കോട്

കണ്ണൂർ ഗവ. എൻജിനിയറിങ് കോളേജിലെ പൂർവവിദ്യാർഥികളായ 12 അംഗ സംഘം റീയൂണിയനെ കുറിച്ച് ആലോചിക്കാനാണ് അങ്കമാലിയിലെത്തിയത്. സെപ്തംബർ ആദ്യവാരം സംഗമം നടത്താൻ തീരുമാനിച്ച് മടക്കം.

ഇവരിൽ ആറുപേർ ട്രെയിനിൽ. അവിടേക്കാണ് അജ്ഞാതന്റെ രൂപത്തിൽ അപകടം എത്തിയത്. പി ജ്യോതീന്ദ്രനാഥ്, പി വി ലതീഷ്, എ വി പ്രകാശൻ, റൂബി, വിനോദ്കുമാർ, രാജീവൻ എന്നിവരാണ് കണ്ണൂരിലേക്ക് മടങ്ങിയ ആറുപേർ. ട്രെയിനിലെ ഡി വൺ കംപാർട്ട്മെന്റിൽ നാലാമത്തെ നിരയിലായിരുന്നു എല്ലാവരും.

കോഴിക്കോട് കഴിഞ്ഞപ്പോൾ കംപാർട്ട്മെന്റിൽ ആളുകുറഞ്ഞു. പ്രകാശനും ജ്യോതീന്ദ്രനാഥും ലതീഷും ഒന്നാമത്തെ നിരയിലേക്ക് കയറി. ഇതിനിടയിലാണ് പെട്രോൾ ഒഴിക്കലും കത്തിക്കലും ഉണ്ടായതെന്ന് ലതീഷ് പറഞ്ഞു. ജ്യോതീന്ദ്രനാഥിനും പ്രകാശനും റൂബിക്കും പൊള്ളലേറ്റു. ലതീഷിന്റെ പരിക്ക് സാരമുള്ളതല്ല.

സഹ്റ ബാത്തൂലിന് അന്ത്യാഞ്ജലി അർപ്പിച്ചശേഷം മന്ത്രി പി എ മുഹമ്മദ് റിയാസ് ബന്ധുക്കളുമായി സംസാരിക്കുന്നു

എലത്തൂരിൽ ട്രെയിൻ യാത്രക്കാരെ ആക്രമിച്ച സംഭവവുമായി ബന്ധപ്പെട്ട് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പൊള്ളലേറ്റ് ചികിത്സയിൽ കഴിയുന്നവരെ മന്ത്രി വി അബ്ദുറഹിമാൻ സന്ദർശിക്കാൻ എത്തിയപ്പോൾ

ചികിത്സയിലുള്ളവരെ മന്ത്രി സന്ദർശിച്ചു

കോഴിക്കോട്

പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നവരെ റെയിൽവേയുടെ ചുമതലയുള്ള മന്ത്രി വി അബ്ദുറഹിമാൻ സന്ദർശിച്ചു. സംഭവത്തിൽ പഴുതടച്ച അന്വേഷണം നടക്കുകയാണെന്ന് മന്ത്രി പറഞ്ഞു. അന്വേഷണം നടത്തി റിപ്പോർട്ട് കിട്ടിയാലേ കൂടുതൽ കാര്യങ്ങളിൽ വ്യക്തതയുണ്ടാകൂ എന്നും മന്ത്രി പറഞ്ഞു. മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടത്തിനുശേഷം മന്ത്രിയുടെ സാന്നിധ്യത്തിൽ ബന്ധുക്കൾക്ക് വിട്ടുനൽകി.

പൊലീസ് വലയത്തിൽ നഗരം

കോഴിക്കോട്

ഓടിക്കൊണ്ടിരുന്ന ട്രെയിനിൽ യാത്രക്കാരെ പെട്രോളൊഴിച്ച് കൊലപ്പെടുത്താൻ ശ്രമം നടന്ന പശ്ചാത്തലത്തിൽ കോഴിക്കോട് നഗരവും പരിസരവും കനത്ത പൊലീസ് വലയത്തിൽ. കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ പൊലീസും ഡോഗ് സ്ക്വാഡും പരിശോധിച്ചു. തിങ്കൾ പകൽ നഗരം മുഴുവൻ പൊലീസ് പ്രതിക്കായി അരിച്ചുപെറുക്കി. സംശയം തോന്നിയവരെ ചോദ്യംചെയ്തു. വിശദമായ പരിശോധനയാണ് എല്ലായിടത്തും നടന്നത്. സംഭവമുണ്ടായി മിനിറ്റുകൾക്കകം നഗരത്തിന്റെ എല്ലാ ഭാഗങ്ങളും പൊലീസ് നിരീക്ഷണത്തിലാക്കി. പ്രതി രക്ഷപ്പെടാൻ സാധ്യതയുള്ള ഭാഗങ്ങളിലെ സിസിടിവി ദൃശ്യങ്ങളും ശേഖരിച്ചു.

എലത്തൂരിൽ ട്രെയിൻ യാത്രക്കാരെ ആക്രമിച്ച സംഭവവുമായി ബന്ധപ്പെട്ട് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പൊള്ളലേറ്റ് ചികിത്സയിൽ കഴിയുന്നവരെ മന്ത്രി വി അബ്ദുറഹിമാൻ സന്ദർശിക്കാൻ എത്തിയപ്പോൾ

പഴുതടച്ച അന്വേഷണം: മന്ത്രി എ കെ ശശീന്ദ്രൻ

എലത്തൂർ

ട്രെയിനിൽ യാത്രക്കാർക്ക് നേരെ പെട്രോളൊഴിച്ച് നടത്തിയ ആക്രമണത്തിൽ നടക്കുന്നത് പഴുതടച്ച അന്വേഷണമാണെന്ന് മന്ത്രി എ കെ ശശീന്ദ്രൻ പറഞ്ഞു. എലത്തൂർ റെയിൽവേസ്റ്റേഷനിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു മന്ത്രി. സംഭവമറിഞ്ഞ ഉടൻ എഡിജിപിയുടെയും നാല് ഡിവൈഎസ്പിമാരുടെയും നേതൃത്വത്തിൽ പ്രത്യേക സംഘമാണ് അന്വേഷണം നടത്തുന്നത്.

ഗൂഢാലോചന നടന്നിട്ടുണ്ടോ, ഉണ്ടെങ്കിൽ ലക്ഷ്യമെന്താണ് എന്നതാണ് പ്രധാനമായും കണ്ടെത്താനുള്ളത്.

വിവരമറിഞ്ഞയുടൻ മുഖ്യമന്ത്രിയുമായും ഡിജിപിയുമായും കലക്ടറുമായും ജില്ലാ പൊലീസ് മേധാവിയുമായും സംസാരിച്ചു. ഫലപ്രദമായ നടപടിയുണ്ടാവുമെന്ന് മുഖ്യമന്ത്രി ഉറപ്പുനൽകുകയും ഉടൻതന്നെ ഉന്നതതലയോഗം വിളിച്ചുചേർത്ത് ആവശ്യമായ നിർദേശം നൽകുകയുംചെയ്തു. സംഭവം നടന്നത് റെയിൽവേയുടെ അധികാരപരിധിയിൽ പെട്ടതായതിനാൽ നിയമപ്രകാരം മരിച്ചവരുടെ ബന്ധുക്കൾക്ക് നഷ്ടപരിഹാരം നൽകേണ്ടത് അവരാണ്. റെയിൽവേ മന്ത്രാലയത്തെ മന്ത്രിമാരും എംപിമാരും വിവരമറിയിച്ചിട്ടുണ്ട്. മറ്റുസാധ്യതകൾ ഉണ്ടെങ്കിൽ മുഖ്യമന്ത്രിയുമായി സംസാരിച്ച് തീരുമാനിക്കും. കോർപറേഷൻ വികസന സ്ഥിരം സമിതി അധ്യക്ഷ ഒ പി ഷിജിന, കൗൺസിലർമാരായ എസ് എം തുഷാര, ഇ പി സഫിന, സി പിഐ എം ജില്ലാ കമ്മിറ്റിയംഗം ടി വി നിർമലൻ, ടി പി വിജയൻ എന്നിവരും കൂടെയുണ്ടായിരുന്നു

ഫോറൻസിക് സംഘം കണ്ണൂരിൽ ട്രെയിൻ ബോഗികൾ പരിശോധിച്ചു

കണ്ണൂർ

ആലപ്പുഴ – കണ്ണൂർ എക്സിക്യൂട്ടീവ് എക്സ്പ്രസിന്റെ അക്രമി തീയിട്ട ബോഗിയും തീ പടർന്നതൊട്ടടുത്ത ബോഗിയും ഫോറൻസിക് വിദഗ്ധർ പരിശോധിച്ചു. കണ്ണൂർ റെയിൽവേ സ്റ്റേഷൻ യാർഡിൽ റെയിൽവേ പൊലീസ് ബന്ധവസിലുള്ള റിസർവ്ഡ് കോച്ചുകളായ ഡി1, ഡി 2 എന്നിവയാണ് പരിശോധിച്ചത്. തിങ്കൾ രാവിലെ പ്രാഥമിക പരിശോധനയ്ക്ക് റെയിൽവേ പൊലീസ് ബോഗികൾ സീൽ ചെയ്ത് മാറ്റിയതായിരുന്നു. അക്രമം നടന്ന കോഴിക്കോട് എലത്തൂരിൽ പരിശോധന നടത്തിയ ശേഷമാണ് വിദഗ്ധ സംഘം കണ്ണൂരിലെത്തിയത്. പരിശോധനയുടെ വിശദാംശങ്ങൾ പിന്നീട് മാത്രമേ ലഭിക്കൂ.

അതിനിടെ അക്രമി കണ്ണൂർ ജില്ലാ ആശുപത്രിയിൽ ചികിത്സ തേടിയെന്ന അഭ്യൂഹം പടർന്നു. ജില്ലാ ആശുപത്രി ഉൾപ്പെടെ നഗരത്തിലെ മുഴുവൻ ആശുപത്രികളിലും പൊലീസെത്തി. ജില്ലയിലെ മറ്റ് ആശുപത്രികളിലും പൊള്ളലേറ്റ് ആരെങ്കിലും ദുരൂഹ സാഹചര്യത്തിൽ ചികിത്സ തേടിയെത്തിയാൽ അറിയിക്കണമെന്ന് നിർദ്ദേശം നൽകി.

കണ്ണൂരിലെത്തിയ ഡിജിപി അനിൽകാന്ത് വിമാനത്താവളത്തിൽ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.

സ്റ്റേറ്റ് എടിഎസ് തലവൻ പി വിജയൻ, കണ്ണൂർ റേഞ്ച് ഡിഐജി പുട്ട വിമലാദിത്യ തുടങ്ങിയവരും പങ്കെടുത്തു. പ്രതിയെക്കുറിച്ച് വ്യക്തമായ സൂചന ലഭിച്ചതായി ഡിജിപി പറഞ്ഞു.

ആക്രമണമുണ്ടായിടത്തുനിന്ന് ലഭിച്ച പ്രതിയുടേതെന്ന് സംശയിക്കുന്ന ബാഗ്

മൃതദേഹങ്ങൾ കിടന്നിരുന്ന ട്രാക്കിന് സമീപത്തുനിന്ന് കണ്ടുകിട്ടിയ വാച്ച്

ശ്വാസം വീണത് 100 ൽ വിളിച്ചപ്പോൾ

സ്വന്തം ലേഖകൻ

കോഴിക്കോട്

ദിപിൻ

ഓടിക്കൊണ്ടിരുന്ന ട്രെയിനിൽനിന്ന് പുറത്തിറങ്ങാൻ ഒരുവഴിയുമില്ല. ഭയന്നുവിറച്ച് എല്ലാവരും പിറകിലെ കംപാർട്ട്മെന്റിലേക്ക് ഓടുന്നു. ഇതിനിടയിൽ ആരോ അപായച്ചങ്ങല വലിച്ചു. ട്രെയിൻ നിന്നതാവട്ടെ കോരപ്പുഴ പാലത്തിന് മുകളിലും. ഫയർ...ഫയർ എന്നുപറഞ്ഞ് ആളുകൾ ബഹളം വയ്ക്കുന്നുണ്ടായിരുന്നു. ഉടൻ ഞാനും ഭാര്യയും മറ്റുയാത്രക്കാരും പിറകിലേക്കുള്ള കംപാർട്ടുമെന്റും കടന്ന് എസി കംപാർട്ട്മെന്റിലേക്ക് ഓടിയെന്ന് ഡിവൺ കോച്ചിലെ യാത്രക്കാരനും ഏഴിമല നേവൽ അക്കാദമിയിലെ ഐടിസെല്ലിൽ ജോലിചെയ്യുന്ന പയ്യന്നൂർ വൃന്ദാവൻ വീട്ടിലെ ദിപിൻ ദേശാഭിമാനിയോട് പറഞ്ഞു. വെപ്രാളത്തിനും ഭയത്തിനുമിടയിൽ ബോഗിയിൽ പതിച്ച 'അപകട സമയത്ത് വിളിക്കേണ്ട നമ്പറിൽ' ബന്ധപ്പെട്ടെങ്കിലും ഒരു പ്രയോജനവുമുണ്ടായില്ല. 100 എന്ന നമ്പറിൽ വിളിച്ചപ്പോഴാണ് ശ്വാസം വീണത്. കാര്യങ്ങൾ പൊലീസിനെ അറിയിച്ചു. അഞ്ചുമിനിറ്റിനകം റെയിൽവേ കൺട്രോൾ റൂമിൽനിന്ന് തിരിച്ചുവിളിച്ചു. ഫോൺ കംപാർട്ട്മെന്റിലെ എസി ഓപ്പറേറ്റർക്ക് കൈമാറി. അപ്പോഴേക്കും എസ്ഐ ട്രെയിനിലെത്തി. ട്രെയിൻ പാലത്തിൽനിന്ന് കുറച്ചുകൂടി മുന്നോട്ട് നീക്കിനിർത്തി. അരമണിക്കൂറോളം കഴിഞ്ഞാണ് അവിടെനിന്ന് വിട്ടതെന്ന് ദിപിൻ പറഞ്ഞു. ഭാര്യ വിൻസിയുടെ പാലക്കാട്ടുള്ള വീട്ടിൽ പോയി മടങ്ങവെ ഷൊർണൂരിൽനിന്നാണ് ഇരുവരും ട്രെയിൻ കയറിയത്.

ചൂളംവിളിച്ചത് ദുരന്തത്തിലേക്ക്

സ്വന്തം ലേഖകൻ

ആലപ്പുഴ

16307 നമ്പർ കണ്ണൂർ എക്സിക്യൂട്ടീവ് എക്സ്പ്രസ് പകൽ 2.50ന് ആലപ്പുഴയിൽനിന്ന് പുറപ്പെട്ട് രാത്രി 11.10ന് കണ്ണൂരിലെത്തും. ഞായറാഴ്ച പൊതുവേ തിരക്ക് കുറവാണ്. എന്നാൽ, രണ്ടാം തീയതിയിലെ യാത്ര ദുരന്തത്തിലേക്കാണ് ചൂളംവിളിക്കുന്നതെന്ന് കരുതിയില്ലെന്ന് ആലപ്പുഴ സ്റ്റേഷൻ മാനേജർ വർഗീസ് കുരുവിള പറയുന്നു. ട്രെയിനിൽ മലബാറിലേക്ക് കച്ചവടക്കാരടക്കമുള്ള ചില സ്ഥിരം യാത്രക്കാരുണ്ടാകും. പതിറ്റാണ്ടായുള്ള സർവീസാണ്. 20 ബോഗിയുണ്ട്. ആക്രമണമുണ്ടായ ഡി വണ്ണും ഡി 2, എസി ചെയർകാർ കോച്ചുകളും മധ്യഭാഗത്താണ്. എറണാകുളത്തുനിന്ന് യാത്രക്കാർ ഇടിച്ചുകയറും. കോഴിക്കോടുവരെ നിറയെ യാത്രക്കാരുണ്ടാകും. ഇതുവരെ ഇങ്ങനൊരു സംഭവം ഉണ്ടായിട്ടില്ല– കുരുവിള പറഞ്ഞു.

അന്ന് ആത്മഹത്യ

2016 ആഗസ്ത് 16ന് കായംകുളം റെയിൽവേ സ്റ്റേഷനിൽ എത്തിയ നേത്രാവതി എക്സ്പ്രസിലെ ജനറൽ കമ്പാർട്ട്മെന്റിലെ ശുചിമുറിയിൽ പൊടുന്നനെ തീ ഉയർന്നു. തീ പടർന്ന ബോഗി പെട്ടന്ന് വേർപെടുത്തി വൻ ദുരന്തം ഒഴിവാക്കി. ഫയർഫോഴ്സ് എത്തിയാണ് തീ അണച്ചത്. ശുചിമുറിയുടെ വാതിൽ ചവിട്ടിത്തുറന്നപ്പോൾ കണ്ടത് 60 ശതമാനത്തിലധികം പെള്ളലേറ്റുകിടക്കുന്ന യുവാവിനെ. തമിഴ്നാട് വെല്ലൂർ രാജാഗണപതി നഗറിൽ ശ്രീനിവാസന്റെ മകൻ എസ് നിവാസ് (24) ആണ് ട്രെയിനിൽ ആത്മഹത്യക്ക് ശ്രമിച്ചത്. ശുചിമുറിയിൽ കയറിയ യുവാവ് വസ്ത്രങ്ങളഴിച്ച് പെട്രോൾ ഒഴിച്ച് തീയിടുകയായിരുന്നു. ആറ് ദിവസത്തിനുശേഷം നിവാസ് മരിച്ചു.

ട്രെയിനിലെ തീവയ്പ് സൗജന്യ ചികിത്സ ഉറപ്പാക്കും

തിരുവനന്തപുരം

കോഴിക്കോട് ട്രെയിനിൽ തീകൊളുത്തിയ സംഭവത്തിൽ പരിക്കേറ്റ എല്ലാവർക്കും സൗജന്യ ചികിത്സ ഉറപ്പാക്കുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. ചികിത്സ സൗജന്യമായി ഉറപ്പാക്കാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്കും മെഡിക്കൽ വിദ്യാഭ്യാസവകുപ്പ് ഡയറക്ടർക്കും നിർദേശം നൽകി.

epaper.deshabhimani.com